# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3881 20.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

ആറന്മുള വിമാനത്താവളത്തിനായി മണ്ണിട്ട് നികത്തിയ ഭൂമി

ചോദ്യം

ശ്രീ.പി.കെ.ഗുരുദാസൻ
,, രാജു എബ്രഹാം
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.സി.കെ സദാശിവൻ

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ആറന്മുള വിമാനത്താവളത്തിനായി കെ.ജി.എസ്. കമ്പനി അനധികൃതമായിട്ട് നികത്തിയ തോടുകളും നീർച്ചാലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കണമെന്ന ഹൈക്കോടതി വിധി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | ആറന്മുള വിമാനത്താവളത്തിനായി കെ.ജി.എസ്. കമ്പനി അനധികൃതമായിട്ട് നികത്തിയ തോടുകളും നീർച്ചാലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കണമെന്ന ഹൈക്കോടതി വിധി നടപ്പിലാക്കി വരുന്നു. അനധികൃതമായി നികത്തിയ കോഴിത്തോട് പൂർവ്വസ്ഥിതിയിൽ ആക്കുന്ന പ്രവർത്തികൾ 29.06.2015 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. |
| (ബി) | ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത് എന്നായിരുന്നു; ഉത്തരവ് നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കാമോ; | 16.06.2014-ൽ WP(C)6519/2014 നമ്പരായി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനകം തോട് പൂർവ്വസ്ഥിതിയിൽ ആക്കണമെന്നായിരുന്നു വിധി. |
| (സി) | ഹൈക്കോടതി ഉത്തരവ് വന്നശേഷവും കോടതി നിർദ്ദേശം മറികടന്ന് മണ്ണിട്ട് നികത്തിയത് ഉൾപ്പെടെയുള്ള പ്രദേശം വ്യവസായ മേഖലയായി റീനോട്ടിഫൈ ചെയ്യുന്നതിന് തീരുമാനമെടുക്കുകയുണ്ടായോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇതു സംബന്ധിച്ച് ജൂലൈ 10 ലെ യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; ആരെല്ലാമാണ് ഈ യോഗത്തിൽ പങ്കെടുത്തതെന്ന് അറിയിക്കാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | |
|---|---|---|
| (ഇ) | ഇതു സംബന്ധിച്ച കേസിൽ ഹൈക്കോടതി പത്തനംതിട്ട ജില്ലാ കളക്ടറുടെ മേൽ കോടതിഅലക്ഷ്യം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ശ്രീ.വി.മോഹനൻ CC-52/14 നമ്പരായി ബഹു.ഹൈക്കോടതിയിൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് എതിരെ കോടതി അലക്ഷ്യ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (എഫ്) | കെ.ജി.എസ്. ഗ്രൂപ്പ് അനധികൃതമായി മണ്ണിട്ട് നികത്തിയ ഭൂമിയിൽ പുറമ്പോക്കും മിച്ചഭൂമിയും ഉൾപ്പെട്ടിട്ടുണ്ടോ; ഇത് എത്ര അളവ് വരുമെന്ന് വ്യക്തമാക്കാമോ? | 2.5727 ഹെക്ടർ പുറമ്പോക്ക് ഭൂമി ഉണ്ട്. മിച്ചഭൂമിയായി ഏറ്റെടുത്ത നടപടി ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളതും കോഴഞ്ചേരി താലൂക്ക് ലാൻഡ് ബോർഡിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ